# *ഒരു ലോക്ഡൗൺ പുനർവിചിന്തനം*

## ( ജയശ്രീ എസ് പ്രകാശ്, ചുണ്ടമ്പറ്റ യൂണിറ്റ്)

ലോകം മുഴുവൻ സംസാരിക്കുന്നത് കൊറോണാ വൈറസിനെ കുറിച്ചാണ്. ഇത് മനുഷ്യർക്കിടയിൽ വല്ലാത്ത ഭീതിയും നെഗറ്റീവിറ്റി നിറച്ചിരിക്കുന്നു. കൊറോണ പഠിപ്പിക്കുന്ന ചില നല്ല പാഠങ്ങളുണ്ട്. അത് ഈ വൈറസ് ലോകം വിട്ടു പോയാലും നമുക്ക് എന്നും കൊണ്ടുനടക്കാവുന്ന കുറേ പഴയ കാര്യങ്ങളാണ്. ഇന്ന് നാം എല്ലാം മറന്നു എന്നു നടിക്കുന്ന നല്ല ശീലങ്ങൾ. ഇന്നത്തെയും അതായത് കൊറോണ മഹാമാരി നമ്മുടെ ലോകത്ത് എത്തിച്ചേരും മുൻപ് നാം അനുഭവിച്ചിരുന്ന സുഖഭോഗങ്ങൾ പലതും ത്യജിക്കാൻ മനുഷ്യർ ഇന്ന് നിർബന്ധിതരായിരിക്കുകയാണ്.

പരമ്പരാഗത ശൈലികളെ നമുക്ക് തിരിച്ചു പിടിക്കേണ്ടതുണ്ട്. നാം പരസ്പരം കാണുമ്പോൾ 'ഹലോ', 'കൈ കൊടുക്കൽ', 'കെട്ടിപിടിക്കൽ' തുടങ്ങിയ പുതിയ രീതികൾ കൊറോണ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇവിടെയാണ് നമ്മുടെ ഭാരതീയ സംസ്കാരത്തിന് ഭാഗമായുള്ള 'നമസ്തേ' (രണ്ടുകയ്യും കൂപ്പികൊണ്ട്) ക്ക് പ്രസക്തിയേറുന്നത്. തൊഴുകൈകളോടെ നമസ്തേ പറയുമ്പോൾ നാം ചെയ്യുന്നത് പൂർണമനസ്സോടെ ഒരാൾ മറ്റൊരാളെ മാനിക്കുന്നു എന്നതാണ്. ഈ രീതി ഇനിയുള്ള കാലങ്ങളിലും നമുക്ക് പിന്തുടരാം. അങ്ങനെ നമുക്കും ഭാരതീയ സംസ്കാരത്തിന് ഒരു നല്ല ഭാഗമാകാം.

നല്ല കാര്യങ്ങൾ എവിടെ നിന്നു തുടങ്ങാം?. കുട്ടിക്കാലമാണ് അതിന് ഏറ്റവും പറ്റിയ കാലം. മാതാ-പിതാ-ഗുരു-ദൈവം എന്നിങ്ങനെ ഒരു ചൊല്ലു തന്നെ ഉണ്ടല്ലോ. ഓരോരുത്തരോടും ഉള്ള ഉത്തരവാദിത്വങ്ങൾ പറഞ്ഞുതരാൻ നമുക്ക് ഒരുപാട് പേരുണ്ട്. എന്നാൽ അവൻ അവനോടുള്ള ഉത്തരവാദിത്വം ഇതിനും അപ്പുറമാണ്. സത്യം സ്നേഹം നീതി ഇവ അവനവനോട് തന്നെ പാലിക്കാൻ പഠിച്ചാൽ മറ്റ് ഉത്തരവാദിത്തങ്ങൾ താനെ വന്നു കൊള്ളും. നമ്മുടെ ഉത്തരവാദിത്തങ്ങളിൽ വീഴ്ച ഒരു വലിയ സമൂഹത്തെ തന്നെ എങ്ങനെ ബാധിക്കുമെന്ന് കോവിഡ് 19 എന്ന രോഗം നമ്മെ പഠിപ്പിച്ചു തന്നു.

ദൈവത്തിനു മുൻപിൽ എല്ലാവരും തുല്യർ എന്നു പറയാറുണ്ടല്ലോ. അതുപോലെ കൊറോണാ വൈറസിനു മുൻപിൽ വലിയവൻ ചെറിയവൻ പണ്ഡിതൻ പാമരൻ സുന്ദരൻ വിരൂപൻ സുപ്രസിദ്ധൻ കുപ്രസിദ്ധൻ ആൺ പെൺ തുടങ്ങിയ യാതൊരു വ്യത്യാസവും ഇല്ല എന്ന് നാം അറിഞ്ഞു കഴിഞ്ഞു. ഇവിടെ മനുഷ്യർ തമ്മിലുള്ള ഒത്തൊരുമക്കാണ് സ്ഥാനം. ഈ അവസരത്തിൽ നമ്മുടെ ആരോഗ്യ പ്രവർത്തകർ തന്നെയാണ് നമ്മുടെ ദൈവങ്ങളും. ജനങ്ങൾ അവർ പറയുന്ന കാര്യങ്ങൾ ജാഗ്രതയോടെ അനുസരിക്കുക, ഈ രീതി

കൊറോണ ക്ക് മാത്രമല്ല തുടർന്ന് നമുക്ക് പിന്തുടരാം.

പണ്ടൊക്കെ വീടിന്റെ ഉമ്മറത്തെ കാൽ കൈ മുഖം കഴുകാൻ ഒരു കിണ്ടി വെള്ളം വെക്കുന്ന പതിവുണ്ടായിരുന്നു. ഇന്ന് അത് നിശ്ശേഷം ഇല്ലാതായിരിക്കുന്നു. പൈപ്പ് ആയാലും മതിയായിരുന്നു. കൊറോണ ഈ ശീലത്തെ തിരിച്ചു കൊണ്ടു വന്നിരിക്കുന്നു. പുറത്ത് പോയി വന്നാൽ ശുദ്ധിവരുത്തി അകത്തു കയറണം. ഒരു വൈറസിനു കീഴടക്കാൻ കഴിയാത്ത പുതിയ തലമുറ ഉണ്ടാവട്ടെ.

കുട്ടികൾക്ക് ഗുണപാഠം കഥകൾ പറഞ്ഞു കൊടുക്കാൻ വീട്ടിൽ മുത്തശ്ശനും മുത്തശ്ശിയും ഉണ്ടായിരുന്ന കാലം ഇന്ന് നമുക്ക് ഓർമ്മ മാത്രമാണ്. പുരാണ കഥകൾ എന്ന് പറഞ്ഞ് തള്ളിയിരുന്ന കഥകൾ ഓരോന്നും ഓരോ ഗുണപാഠങ്ങൾ ആണ്. അണുകുടുംബം നമ്മുടെ കുട്ടികൾക്ക് ഈ അവസരം നഷ്ടപ്പെടുത്തിയിരിക്കുന്നു. പുതിയ സാഹചര്യത്തിൽ നമുക്ക് അവർക്കുവേണ്ടി എന്തുചെയ്യാൻ കഴിയും എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തിലും നന്മ ദർശിക്കാനുള്ള രീതിയിലേക്ക് അവരെ മാറ്റിയെടുക്കാം. അവരുടെ ചിന്തകളെയും സ്വപ്നങ്ങളെയും നല്ലതിലേക്ക് നയിക്കാൻ ഈ കൊറോണ കാലം നമുക്ക് ഉപയോഗിക്കാം. നമുക്കു മുന്നിലുള്ള നവമാധ്യമങ്ങൾ അനന്തസാധ്യതകളാണ് ചെറുപ്പക്കാർക്ക് തുറന്നുകൊടുക്കുന്നത്. നല്ല കാര്യങ്ങൾക്ക് അവ ഉപയോഗപ്പെടുത്തി നമുക്ക് പ്രായഭേദമന്യേ ആത്മവിശ്വാസത്തിന്റെ കൊടുമുടിയിലേറാനാകട്ടെ.

പണ്ട് അകത്തുനിന്ന് ഭക്ഷണം കഴിച്ച് പുറത്തേക്ക് പോയ ശീലം നമുക്ക് ഉണ്ടായിരുന്നു. ഇന്ന് പുറത്തു നിന്ന് കഴിച്ച അകത്തേക്ക് വരുന്ന ശീലമാണ് അധികവും. ഈ ഭക്ഷണശീലം കൊറോണ വന്നതോടെ പാടെ മാറിയിരിക്കുന്നു. അസുഖങ്ങൾ ഏറെ കുറഞ്ഞിരിക്കുന്നു. പരമ്പരാഗത രീതിയിലുള്ള ഭക്ഷണങ്ങൾക്ക് പ്രാധാന്യം ഇത്തരത്തിൽ വർദ്ധിച്ചിരിക്കുന്നു. പണ്ടുകാലത്ത് പുറത്തുനിന്ന് പച്ചക്കറി വാങ്ങുന്നത് വല്ല വിശേഷവും വരുമ്പോൾ മാത്രമായിരുന്നെങ്കിൽ, ഇപ്പോൾ ഭക്ഷണം വെക്കണമെങ്കിൽ പുറത്തുനിന്നും വിഷം അടിച്ച പച്ചക്കറി വാങ്ങിയേ പറ്റൂ. കൊറോണ കാരണം പലരും വീടുകളിൽ ചെറുതായെങ്കിലും പച്ചക്കറി ഉണ്ടാക്കി തുടങ്ങി. നല്ല കാര്യം. ഈ നല്ല ശീലം ഇനിയും ശക്തമായ നല്ല വാശിയായി തന്നെ ഓരോ മനുഷ്യനും തുടരാൻ കഴിയട്ടെ.

നഷ്ടപ്പെട്ട പഴയ നല്ല കാലത്തിന്റെ സൗന്ദര്യം പ്രായമായവർ പലരും ഇപ്പോഴും അയവിറക്കുന്നത് കേൾക്കുമ്പോൾ ഇന്നത്തെ ജനം അവരെ പുച്ഛിച്ചു തള്ളുന്നു. അടുത്ത വീട്ടിൽ താമസിക്കുന്ന വരെ പോലും ഇന്ന് പലർക്കും അറിയില്ല. അവർ എവിടെ നിന്നു വന്നവരാണ് എന്നോ എങ്ങോട്ടു പോകുന്നു എന്നോ ആർക്കും അറിയില്ല. കേരളത്തിൽ തന്നെ ഈ അടുത്ത കാലത്തായി എത്ര കുട്ടികളെ കാണാതായി?. അവർ എവിടെ?. ഒരുത്തരവും ഇന്നുമില്ലാത്ത കുറെ തിരോധാനങ്ങൾ ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അടുത്തുള്ളവർക്ക് പോലും യാതൊരു ഐക്യവും ഇല്ലാത്തത് കൊണ്ടാണ് ഇങ്ങനെ പലതും സംഭവിക്കുന്നത്. ഇനിയെങ്കിലും അയൽക്കാരെ അറിയുവാനും

മനസ്സിലാക്കുവാനും നമുക്കു കഴിയണം. മനുഷ്യൻ ഒരു സമൂഹജീവിയാണല്ലോ. അല്പം പരിഗണന മറ്റുള്ളവർക്ക് വേണ്ടിയും ആകാം. അതെ, ഒരു കരുതൽ എല്ലാവർക്കും ആവശ്യമാണ്. പുതിയ പ്രലോഭനങ്ങളിൽ പെട്ടു നമ്മുടെ കുട്ടികൾ വഴി തെറ്റാതിരിക്കട്ടെ.

നാളെയെ കുറിച്ചുള്ള ചിന്തകൾ ഈ കൊറോണാ കാലത്തെങ്കിലും നമ്മെ ഏറെ അലട്ടുന്നുണ്ടാവും. പ്രകൃതിദുരന്തങ്ങൾ ലോകമെങ്ങും ദിനചര്യയായി മാറിക്കൊണ്ടിരിക്കുന്നു. പാടം നികത്താൻ അനുമതി ഇല്ലെങ്കിലും കൈക്കൂലി നൽകിയും മറ്റും വലിയ ഫ്ലാറ്റുകളും വീടുകളും ഇന്ന് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. പ്രളയം വന്നപ്പോൾ കുറെ പേർക്ക് മതിയായി. ആറു ദശാബ്ദങ്ങൾക്ക് ഇടയിലെ ഏറ്റവും വലിയ കാർബൺ ബഹിർഗമന വർഷമായി 2019നെ ഗവേഷകർ കണ്ടിരിക്കുന്നു. അമിത പ്ലാസ്റ്റിക് ഉപയോഗം, പരിസ്ഥിതി ചൂഷണ നിർമ്മിതികൾ, വാഹന പുക തുടങ്ങി പ്രകൃതി ചൂഷണം തുടരുന്നു.. ഈ ലോക് ഡൗൺ ഇതിനെല്ലാം ഒരു പരിധിവരെ അറുതി വരുത്തിയിരിക്കുന്നു. ഓസോൺ പാളിച്ക്കുണ്ടായ വിള്ളൽ ഏറെക്കുറെ മാറ്റം വന്നതായി പറയുന്നു. പാടം നികത്തിയിട്ടും, കുന്നിടിച്ചിട്ടും, മണൽ വാരിയിട്ടും, കാടുവെട്ടിയിട്ടും, മാലിന്യക്കൂമ്പാരം കുന്നു കൂട്ടിയിട്ടും ഉള്ള പ്രകൃതിചൂഷണം മനുഷ്യൻ നിർത്തിയാൽ മാത്രമേ നമുക്ക് മുന്നിലേക്ക് സുഗമമായി പോകുവാൻ കഴിയൂ. അതിനായിട്ട് ആകട്ടെ ഈ വൈറസിനെ പേടിച്ചാണെങ്കിലും നമ്മുടെ ഓരോരുത്തരുടെയും ശ്രമം.

' മരിച്ച വീട്ടിൽ പോയാൽ കുളിച്ചേ അകത്തു കയറാവൂ', എന്നു പറയുന്ന അതിന്റെ അർത്ഥം ശവത്തിൽ കുറെ വൈറസുകൾ( അണുക്കൾ) ഉണ്ടാകും അത് നമ്മുടെ മേൽ പറ്റിയിട്ടുണ്ടെങ്കിൽ നന്നായൊന്നു കുളിച്ചാൽ മതി എന്നാണ്. സോപ്പും സാനിടൈസറും ഉപയോഗിച്ച് വൃത്തിയാക്കണം എന്ന് പറയുമ്പോൾ ഇത് എവിടുന്നു വന്നാലും വേണമെന്ന് നാം സ്വയം പഠിക്കുക. കൊറോണ പോയാലും ഈ ശീലം തുടരാവുന്നതാണ്. കത്തിക്കുമ്പോൾ എല്ലാ അണുക്കളും നശിക്കുന്നു. നമ്മുടെ ഭാരതീയ സംസ്കാരത്തിൽ ശവസംസ്കാരം എന്നാൽ ദഹിപ്പിക്കുക ആണ്. അതിലെ ആണു നമ്മെ വിട്ടു പോകുന്നത് അപ്പോൾ മാത്രമാണ് നാം പിന്തുടരുന്നതും ഇതേ രീതി തന്നെയാണ്.

ആർഭാടങ്ങൾക്ക് നമുക്ക് ഒരു പഞ്ഞവുമില്ല. ഒരു കുഞ്ഞു ജനിക്കുന്നത് മുതൽ മരണം വരെ കാതുകുത്ത്, ചോറൂണ്, പിറന്നാളുകൾ, വിവാഹം, ഗൃഹപ്രവേശം തുടങ്ങി എന്തും ആർഭാടം ആക്കി കഴിക്കുന്ന നമ്മൾ ഇന്ന് എവിടെ എത്തി നിൽക്കുന്നു. എത്ര സമ്പന്നൻ ആയാലും വിവാഹം വീട്ടിൽ വച്ച് കൂടിയത് 20 പേർ മാത്രം പങ്കെടുത്ത നടത്തുന്ന ഒരു ചടങ്ങായി ഈ കൊറോണ കാലത്ത് മാറി. ഒരു ഭാഗവത ആചാര്യൻ പറഞ്ഞതുപോലെ "ഏറ്റവും ചുരുക്കി വിവാഹം നടത്താൻ ആർക്കൊക്കെ ധൈര്യം ഉണ്ട് എന്ന് ചോദിച്ചു. ആരും മറുപടി പറഞ്ഞില്ല, എല്ലാവർക്കും അവരവർക്ക് അനുസരിച്ച് നടത്തണമെന്നാണ് മോഹം. ഇനി ഈ ചിലവ് കൂടിവരുന്ന വിവാഹം പോലുള്ള കാര്യങ്ങൾ ചുരുക്കി നടത്തിയാൽ എന്താ എന്ന് നമുക്ക് ആലോചിക്കാവുന്നതാണ്..

ആരാധനാലയങ്ങൾ ചടങ്ങ് മാത്രമാക്കി ഉത്സവം കൊണ്ടാടുന്നു. അമിത ആഘോഷം കുറയ്ക്കാവുന്നതാണ്. മീറ്റിംഗ് തുടങ്ങിയവ ഓൺലൈൻ വഴി ആക്കാവുന്നതാണ്. യാത്ര ചിലവ്, ക്ഷീണം ഇവ ഒഴിവാക്കാമല്ലോ. വിഷു ആഘോഷത്തിന്റെ ഭാഗമായി ആയിട്ടാണല്ലോ ചില പരിപാടികൾ യൂത്ത്‌വിങ് പ്ലാൻ ചെയ്തത്. ഇത്തരം ചെറു എന്നാൽ മന സംതൃപ്തി നൽകുന്ന ആഘോഷങ്ങൾ ആരോഗ്യപരമാണെന്ന് പറയാതെ വയ്യ.

കൊറോണ മനുഷ്യജീവിതത്തിലെ സമസ്തമേഖലകളെയും അടിമുടി ബാധിച്ചു. ജോലി നഷ്ടപ്പെട്ടവർ, പ്രിയപ്പെട്ടവർ വിട്ടു പിരിഞ്ഞവർ, പലസ്ഥലത്തും ലോക് ഡൗണിൽ ഭക്ഷണം പോലും കിട്ടാതെ വലഞ്ഞവർ, എന്നുതുടങ്ങി കഷ്ടതകളും നഷ്ടങ്ങളും ഏറെയുണ്ടെങ്കിലും 'ഭാരതീയ സംസ്കാരം' എന്ന വാക്കിൽ വരുന്ന പല നല്ലശീലങ്ങൾ ഇന്ന് മനുഷ്യന്റെ നിത്യജീവിതത്തിൽ വീണ്ടും സ്ഥാനം പിടിച്ചിരിക്കുന്നു. ഇനിയെങ്കിലും മനുഷ്യ നീ ആരെന്ന് അറിയാതെയുള്ള ഒന്നിനും നേരമില്ലാത്ത വെറും ബ്യുസി മാത്രമായ ഈ പാഴ് ജീവിതം അവസാനിപ്പിക്കുക. മാനസിക ഉല്ലാസം തരുന്ന സംഘർഷങ്ങൾ ഒഴിഞ്ഞ ഒരു സാധാരണ ജീവിതത്തിലേക്ക് പുതു പ്രതീക്ഷയോടെ തിരിച്ചു വരൂ.. ഇതിനാകട്ടെ ഇനിയുള്ള നാമോരോരുത്തരുടെയും ശ്രമം.